മൃഗാശുപത്രികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ നടപടി

137 (3327) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത മൃഗാശുപത്രികളുടെ എണ്ണം എത്രയാണ് ;

(ബി) ഇവയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാനുള്ള എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 59

(ബി & സി) ഇപ്പോൾ ഇല്ല.

മേഴത്തൂർ മൃഗാശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി

138 (3328) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃത്താല പഞ്ചായത്തിലെ മേഴത്തൂർ മൃഗാശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിനെക്കുറിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) അപ്ഗ്രഡേഷൻ എന്ന് നടപ്പിലാക്കാൻ കഴിയും എന്ന് അറിയക്കുമോ ?

ഉത്തരം

(എ) മൃഗാശുപത്രിയിൽ അപ്ഗ്രേഡ് ചെയ്യുന്ന പദ്ധതി നിലവിലില്ല. അതിനാൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കെ.റ്റി.ഡി.സിയുടെ ബിയർ പാർലറുകൾ ആരംഭിക്കാൻ നടപടി

139 (3329) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുൽത്താൻ ബത്തേരി നിയോജക മണ്ഡലത്തിലെ മീനങ്ങാടിയിൽ ഒരു ബിയർ പാർലർ ആരംഭിക്കുന്നകാര്യം കെ.റ്റി.ഡി.സിയുടെ പരിഗണനയിലുണ്ടോ എന്നറിയിക്കാമോ ;

(ബി) ബിയർ പാർലർ മീനങ്ങാടിയിൽ എന്നു മുതൽ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് ; ഇതിനാവശ്യമായ സ്ഥലസൗകര്യങ്ങൾ ലഭ്യമായിട്ടുണ്ടോ എന്നറിയിക്കാമോ ?

ഉത്തരം

(എ) ഇപ്പോൾ കെ.റ്റി.ഡി.സി.യുടെ പരിഗണനയിൽ ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly